## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5439 — 24.05.2017-ൽ മറുപടിയ്ക്ക്

## പൊതുഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പൊതുഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | പ്രതിമാസ പ്രവർത്തനപട്ടിക അവലോകനം ചെയ്തിട്ട് ഉചിതമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ബി) | ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മെല്ലെപ്പോക്ക് മൂലം സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സെക്രട്ടറിയേറ്റിലെ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിൽ അംഗീകൃതവും ഇപ്പോഴുള്ളതുമായ സ്റ്റാഫ് സ്ട്രെങ്ത് എത്രവീതമെന്ന് അറിയിക്കുമോ; | (സി) | സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ കേഡർ സ്ട്രെങ്ത് 1121 ആണ്. ഇതിനു പുറമേ അസിസ്റ്റന്റ് തസ്തികയിൽ 43 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ അന്യത്രസേവനം അനുഷ്ഠിക്കുന്നവർ ഉൾപ്പെടെ ഈ തസ്തികയിൽ 1114 പേരുണ്ട്. പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത് 191 ഉം ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത് 190 ഉം ആണ്. സെക്ഷൻ ഓഫീസർമാരുടെ ആകെ കേഡർ സ്ട്രെങ്ത് 381 ആണ്. അണ്ടർ സെക്രട്ടറിമാരുടെ കേഡർ സ്ട്രെങ്ത് 136 ആണ്. |
| (ഡി) | ഫയൽ നീക്കം കാര്യക്ഷമവും കൂടുതൽ സുതാര്യവും സുഗമവുമാക്കുന്നതിന് അടിയന്തരവും ശക്തവുമായ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ